# എ.ഡി.ബി. വായ്പ
# സാമ്രാജ്യത്വം – ഗ്രാമങ്ങൾ പിടിച്ച് നഗരങ്ങളെ വളയുന്നു?

**സി.ആർ. നീലകണ്ഠൻ**

**'അതിവേഗം'** വികസിക്കുന്ന നഗരത്തിന് അതിനു വേണ്ട 'മൂലധനം' വേണം. മൊത്ത ദേശീയ (സംസ്ഥാന) ഉൽപാദനത്തിൽ നഗരങ്ങളുടെ പങ്ക് വലുതാണ്. അതു പോലെ നികുതിയിനത്തിലും നഗരം ഏറെ മുന്നിൽതന്നെ. ഈ പണം കിട്ടാൻ ചില നിബന്ധനകളെല്ലാം അംഗീകരിക്കേണ്ടിവരും. പരമാവധി 'ചരടുകൾ' കുറഞ്ഞ വായ്പയെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് കേരളത്തിലെ അഞ്ചു നഗരസഭകളിലും ഭരണ കർത്താക്കളായ ഇടതുപക്ഷം-സിപിഎം- തീരുമാനിച്ചത്രേ! ഇതേ രീതിയിലുള്ള വായ്പ, മുനിസിപ്പാലിറ്റി വികസനത്തിനായിട്ടും നാം എടുക്കുന്നു. ഇതിന്റെ ഭാഗമായാണ് അഞ്ചു നഗരസഭകളിലെ വിവിധ വികസന പദ്ധതികൾക്കായി 'സുസ്ഥിര നഗര വികസന പദ്ധതി'യെന്ന പേരിൽ ഏഷ്യൻ വികസന ബാങ്കിൽനിന്നും (1422.80 കോടി രൂപ അടങ്കലും അതിൽ) 996 കോടി രൂപ വായ്പയുമെടുക്കുന്നത്. കൊല്ലം, കൊച്ചി, തൃശൂർ നഗരസഭകളിൽ കുടിവെള്ളം (127.17 കോടി), അഞ്ചു നഗരസഭകളുടെയും മലിന ജല നിർമ്മാർജ്ജനം, ശുചിത്വം (280.33 കോടി), വെള്ളക്കെട്ടു തടയൽ (83.64 കോടി) തിരുവനന്തപുരം ഒഴികെയുള്ള നാലിടത്ത് ഖരമാലിന്യ സംസ്കരണം (39.24 കോടി) റോഡുവികസനം (126.31കോടി), കൺസൾട്ടൻസിക്കും പഠനത്തിനും (70 കോടി), നിർമാണ ഘട്ടത്തിലെ പലിശ (131.67 കോടി) തുടങ്ങിയവയെല്ലാം ഇതിൽപെടുന്നു. ഇതിലെ ഓരോ ഘടകവും ഉപഘടകവും ഇവിടെ നേരത്തെ തീരുമാനിക്കപ്പെട്ടിരിക്കുന്നു. എവിടെ, എത്തരത്തിലുള്ള പദ്ധതി വേണം (എവിടെ പൈപ്പിടണം, ഏതു സ്ഥലത്ത് മാലിന്യ നിർമ്മാർജ്ജനം വേണം, ഏതു റോഡ് മെച്ചപ്പെടുത്തണം തുടങ്ങിയവയെല്ലാം) നേരത്തെ തീരുമാനമായി. ഈ പദ്ധതിയിൽ ചരടില്ലായെന്നു പറയുന്നവർ, ഇതിലെ ഏതെങ്കിലുമൊരു ഘടകം പോലും മാറ്റാനുള്ള അധികാരം പോലും ജനകീയസഭകൾക്കില്ലായെന്ന സത്യം പറയുന്നില്ല.

ജലവിതരണം മെച്ചപ്പെടുത്താൻ എഡിബി പറയുന്ന വഴികളിൽ വിതരണ നഷ്ടം കുറയ്ക്കുകയെന്നതിൽ കുഴപ്പമില്ല. എന്നാൽ അതിനപ്പുറം 'കണക്കിൽ പെടാത്ത ജലം' (കാശു കിട്ടാത്ത ജലം) കുറയ്ക്കുമെന്നു പറയുന്നത്, പൊതു ടാപ്പുകൾ അടയ്ക്കുകയെന്നതുതന്നെയാണ്. തൽക്കാലം ടാപ്പുകൾ അടക്കേണ്ടതില്ലാ, മീറ്റർ ഘടിപ്പിച്ചാൽ മതിയെന്നു പറയുന്നു. എന്നാൽ ഒരേയൊരു ചോദ്യം: നിലവിലുള്ളതിൽ ഒരു ടാപ്പു കൂട്ടാൻ സാധിക്കുമോ? നമ്മുടെ വികസനം ഏതു വിധമായിരിക്കണം, അതെങ്ങനെ നടപ്പിലാക്കണം, എങ്ങനെ മേൽനോട്ടം നടത്തണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാൻ നമുക്കു കഴിയില്ലെന്നും അതിനുവേണ്ടി വിദേശികളും സ്വദേശികളുമായ അഞ്ച് കൺസൾട്ടന്റുമാരെ നിയമിക്കണമെന്നും പറയുന്നത് ചരടല്ല, വടമാണ്. എല്ലാവിധത്തിലുള്ള അഴിമതിക്കുമുള്ള സാദ്ധ്യത തുറന്നിട്ടുകൊണ്ട്, യഥാർത്ഥത്തിൽ ആവശ്യമായതിനേക്കാൾ വളരെ ഉയർന്ന തുകയാണ് ഓരോ പ്രവൃത്തിക്കും നീക്കി വച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഉദ്യോഗസ്ഥരും കരാറുകാരും വലിയൊരു വിഭാഗം ജനപ്രതിനിധികളും സന്തുഷ്ടരാണ്. പൂർത്തിയായ പദ്ധതികളുടെ നടത്തിപ്പു ചിലവ് ഭീമമായിരിക്കുമെന്നതിനാൽ, വരുംകാലങ്ങളിൽ നഗരസഭകളുടെ വരുമാനത്തിൽ വലിയൊരു പങ്കും ഇതിനു നൽകേണ്ടിവരും. വായ്പയും പലിശയും തിരിച്ചടക്കേണ്ടതിനു വേണ്ട തുക സംസ്ഥാന സർക്കാർ 'പ്രത്യേക ഗ്രാന്റാ'യി നഗരസഭക്കു നൽകുമെന്നു പറയുന്നതിലും പദ്ധതിയുണ്ട്. വായ്പ തിരിച്ചടക്കാനുള്ള ബാദ്ധ്യത നഗരസഭയ്ക്കു തന്നെയാണ്. ഈ ഗ്രാന്റ് ഏതു കാലത്തും പിൻവലിക്കാൻ സംസ്ഥാന സർക്കാരിനു കഴിയും. അങ്ങനെ വന്നാൽ നഗരസഭ കടത്തിൽ മുങ്ങിത്താഴും. പിന്നെ നഗര വികസനത്തിന് ബഹുരാഷ്ട്ര സ്ഥാപനങ്ങളെമാത്രം ആശ്രയിക്കേണ്ടിവരും.

നമുക്ക് വികസനത്തിന് പണം ആവശ്യമാണെങ്കിൽത്തന്നെ, അതുകിട്ടാൻ വേറെ നിരവധി മറ്റു വഴികളില്ലേ? ദേശസാൽകൃത, സഹകരണ ബാങ്കുകൾക്കും വായ്പ നൽകാൻ തയ്യാർ. എഡിബിക്ക് സർക്കാർ നൽകിയിരിക്കുന്ന ഉറപ്പുകൾ നൽകിയാൽ ഏതുബാങ്കും നഗരസഭക്കു വായ്പ നൽകും. ഇത്തരം ജനവിരുദ്ധ നിബന്ധനകൾ ഉണ്ടാവുകയുമില്ല. എന്നാൽ അതല്ല ഇന്നത്തെ സർക്കാരുകളുടെ നയം. ജനങ്ങൾക്കു നൽകുന്ന സേവന മേഖലകളിൽനിന്നും സർക്കാർ പിൻവാങ്ങി, അവിടെ സ്വകാര്യ മൂലധനത്തിനു പ്രവേശനം നൽകുക എന്നതാണാ നയം. 'ജലനിധി'യെന്ന ലോകബാങ്ക് പദ്ധതി ഗ്രാമങ്ങളിലെ കുടിവെള്ളം അവരുടെ കീഴിലായി. ചൈനീസ് ചെയർമാൻ മാവോ പറഞ്ഞതുപോലെ "ഗ്രാമങ്ങൾ നഗരങ്ങളെ വളയുക്കയാണ്." ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ഇങ്ങനെ വളഞ്ഞതെങ്കിൽ ഇവിടെ സാമ്രാജ്യത്വം ഇടതുപക്ഷകേരളത്തെയാണ് വളയുന്നത് എന്നുമാത്രം.


## കേരളീയം വരിസംഖ്യാനിരക്ക്

12 ലക്കം 180 രൂപ ● 5 വർഷം 750 രൂപ ● ആജീവനാന്തം 2500 രൂപ ● കൂട്ടായ്മ അംഗത്വം 7000 രൂപ

എം.ഒ./ഡി.ഡി./കളക്ഷൻ ചാർജ്ജ് ചേർത്ത ചെക്ക് കേരളീയത്തിന്റെ പേരിൽ അയയ്ക്കുക

കേരളീയം, കൊക്കാലെ, തൃശൂർ - 21. ഫോൺ : 0487-2421385, 9447674375